കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

DFTVM/3722/2024-F2

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി:21-03-2025
ഫോൺ: 0471-2305042
ഇ-മെയിൽ: fisheriesdirector@gmail.com

**സർക്കുലർ നമ്പർ 06/2025**

വിഷയം:- ഫിഷറീസ്- സഹകരണം - മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥലം/കെട്ടിടം വാങ്ങുമ്പോൾ/ലീസിനെടുക്കുമ്പോൾ പാലിക്കേണ്ട മാർഗ്ഗ നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. 22/04/2022 - ലെ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ 01/2022 നമ്പർ സർക്കുലർ

2.സഹകരണ സംഘം രജിസ്ട്രാറുടെ 19/08/2024 - ലെ 21/2024 നമ്പർ സർക്കുലർ.

*****************

സഹകരണ സ്ഥാപനങ്ങൾ സ്ഥലം/കെട്ടിടം വാങ്ങുന്നത് സംബന്ധിച്ച് സൂചന (1) പ്രകാരം മാർഗനിർദേശം പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം സർക്കുലറിലെ ഖണ്ഡിക 5 മാർഗ്ഗ നിർദേശമായ കെട്ടിടത്തിൻറെ വാല്യൂവേഷൻ നിർണയിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, കേരളസ്റ്റേറ്റ് എഞ്ചിനിയറിംഗ്ആൻറ്ഇൻഫ്രാസ്ട്രക്ചർ സർവ്വീസ് കോ - ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4446, തൃശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1389, ബിൽഡിംഗ് കൺസൾട്ടൻറ്ആൻറ് ടെക്നോളജിക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1054 (ബികോൺസ്) എന്നിവയ്ക്ക് സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിരുന്നു. മേൽ സാഹചര്യത്തിൽ കെട്ടിടത്തിൻറെ/സ്ഥലത്തിൻറെ വാല്യൂവേഷൻ നിർണയിക്കുന്നതിന് സൂചന (1) സർക്കുലറിലെ ഖണ്ഡിക (5) മാർഗ്ഗനിർദേശത്തിൽ "പൊതുമരാമത്ത് വകുപ്പിനോടൊപ്പം കേരളസ്റ്റേറ്റ് എഞ്ചിനിയറിംഗ് ആൻറ് ഇൻഫ്രാസ്ട്രക്ചർ സർവ്വീസ് കോ - ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ 4446, തൃശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 1389, ബിൽഡിംഗ് കൺസൾട്ടൻറ് ആൻറ് ടെക്നോളജിക്കൽ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി 1054 (ബികോൺസ്) എന്നിവയെ കൊണ്ട് നിർവഹിക്കപ്പെടേണ്ടതാണെന്ന് കൂട്ടി ചേർക്കുന്നു. സൂചന (1) സർക്കുലറിലെ മറ്റ് നിർദേശങ്ങളിൽ ഒന്നും തന്നെ യാതൊരു മാറ്റവുമുണ്ടായിരിക്കുന്നതല്ല.

Signed by
Remany K S
Date: 21-03-2025 12:39:13

SAFNA NAZARUDEEN IAS
DIRECTOR OF FISHERIES
ഫിഷറീസ് ഡയറക്ടർ

പകർപ്പ്:-

1. ഫിഷറീസ് ജോയിൻറ് ഡയറക്ടർ, ഉത്തര മേഖല/മദ്ധ്യ മേഖല/ദക്ഷിണ മേഖല.

2. എല്ലാ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും.

3.എല്ലാ ഫിഷറീസ് ഡെവലപ്പ്മെന്റ് ഓഫീസർ/ഫിഷറീസ് കോ- ഓപ്പറേറ്റിവ് ഇൻസ്പെക്ടർമാർക്കും.

4. കരുതൽ ശേഖരം/ സ്റ്റോക്ക് ഫയൽ.